LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ജലവിതരണം ആരംഭിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണി പുരോഗമിച്ചുവരുന്നു. എന്നാൽ തലക്കുളത്തൂർ പഞ്ചായത്തിൽ ജൈക്ക പദ്ധതിക്കായി നിർമ്മിച്ച പുതിയ ജലസംഭരണിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സംഭരണിയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലം സംഭരിച്ച് ജല വിതരണം നടത്തുന്നുണ്ട്.

(ബി) ചാത്തമംഗലം പഞ്ചായത്ത് പ്രദേശം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല.

(സി) ചാത്തമംഗലം, മാവൂർ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 40.50 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കുളിമാടിൽ കിണർ നിർമ്മിച്ച് ജലം പമ്പ് ചെയ്ത് അവിടെതന്നെ പുതുതായി നിർമ്മിക്കുന്ന പത്ത് എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ചശേഷം, ജലം വിതരണം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) കുളിമാട് പദ്ധതിയുടെ നടത്തിപ്പും വിപുലീകരണവും ഗ്രാമ പഞ്ചായത്താണ് നിർവ്വഹിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുതന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

കുടിവെള്ളം ലഭ്യമാക്കൽ

216 (905) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് പഞ്ചായത്തിൽ ആറിന് കുറുകെ ഉള്ള പൈപ്പ് ലൈൻ പൊട്ടി 14, 15, 16 വാർഡുകളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റ പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) രാമങ്കരി ഒ.എച്ച്. ടാങ്കിൽ വെള്ളം കയറുന്നത് തടസ്സപ്പെടുന്നതുമൂലം രാമങ്കരി, പുളിങ്കുന്ന്, കാവാലം ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒ.എച്ച്. ടാങ്കിൽ വെള്ളം കയറ്റി കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റപ്പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) രാമങ്കരി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ഷൻ നൽകിയിരിക്കുന്നതിനാൽ രാമങ്കരി ടാങ്കിൽ വെള്ളം കയറ്റാറില്ല. എന്നാൽ ടി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും രാമങ്കരി ഭാഗത്തുള്ള വിതരണ ശൃംഖലയിൽ നേരിട്ട് വെള്ളം എത്തുന്നതുകൊണ്ട് ടി ഭാഗത്തെ ജലവിതരണം തടസ്സപ്പെടുന്നില്ല. പുളിങ്കുന്ന്, കാവാലം പഞ്ചായത്തുകളിൽ ജലം ലഭ്യമാകുന്നത് രാമങ്കരി ഒ.എച്ച്. ടാങ്കിൽ നിന്നുമല്ല, പള്ളിക്കുട്ടുമ്മ ടാങ്കിൽ നിന്നുമാണ്. പ്രസ്തുത ടാങ്കിൽ ജലലഭ്യത കുറവായതിനാൽ ടി പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചോർച്ചകൾ കണ്ടെത്തി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നീരേറ്റുപുറം പ്ലാന്റിൽ നിന്നുള്ള പമ്പിംഗ് മെയിൻ വർക്ക് നടക്കുന്നതിനാൽ രാമങ്കരി ഒ.എച്ച്. ടാങ്കിലേക്ക് വെള്ളം കയറ്റിയിട്ടില്ല. പ്രസ്തുത ജോലി പൂർത്തീകരണമാകുന്ന മുറയ്ക്ക് ഒ.എച്ച്. ടാങ്ക് പ്രവർത്തനക്ഷമമാകുന്നതാണ്.

കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള പദ്ധതി

217 (906) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതി നടപ്പാക്കുന്നതാണെന്ന് 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാക്കിയോ; നടപ്പിലാക്കിയതിന്റെ വിശദാംശം നൽകുമോ;

(ബി) എത്ര കോടി രൂപ സംസ്ഥാന ഖജനാവിൽനിന്നും ചെലവായെന്ന് വ്യക്തമാക്കുമോ;

(സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റുകളിൽ കടലാക്രമണത്തിന്റെ പ്രതിരോധ നടപടികൾക്കായി എത്ര കോടി രൂപ വീതം വകയിരുത്തിയെന്നും അതിനായി സംസ്ഥാന ഖജനാവിൽനിന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വർഷാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly